"ഭരണഭാഷ – മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

നമ്പർ. സി1/ഇ-123056/റ്റിസി/2020

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice.mvd@kerala.gov.in ]

തീയ്യതി,

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

1. എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
2. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
3. എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – കാലവധി കഴിഞ്ഞ് ഒരുവർഷത്തിൽ കൂടുതൽ ആയതും എന്നാൽ അഞ്ചുവർഷം ആകാത്തതുമായ ഡ്രൈവിംഗ് ലൈസൻസുകൾ പുതുക്കുന്നതുമായി - ബന്ധപ്പെട്ട്.

സൂചന :- 06.02.2020 - ലെ ബി2/30/2019 നമ്പരിലുള്ള സർക്കാർ കത്ത്.

31.03.2020 വരെ ഡ്രൈവിംഗ് ലൈസൻസുകൾ 01/10/2019 ന് മുൻപ് നിലവിലുണ്ടായിരുന്ന നിയമപ്രകാരം പുതുക്കിനൽകാവുന്നതാണെന്ന് സൂചന പ്രകാരം സർക്കാർ ഉത്തരവായിരിക്കുന്നു. ആയതിനാൽ കാലാവധി കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞതും എന്നാൽ അഞ്ചുവർഷം പൂർത്തിയാകാത്തതുമായ ഡ്രൈവിംഗ് ലൈസൻസുകൾ സർക്കുലർ നമ്പർ 9/2019 — ലെ ഖണ്ഡിക 3, 5 എന്നിവ ഒഴിവാക്കി ഇത്തരം അപേക്ഷകർക്ക് ലേണേഴ്സ് ലൈസൻസ്, ഡ്രൈവിംഗ് ടെസ്റ്റ് എന്നിവയില്ലാതെ പുതുക്കിനൽകേണ്ടതാണ്. ഈ ഇളവുകൾ 31/03/2020 വരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

വിദേശ രാജ്യങ്ങളിലും, മറ്റു സംസ്ഥാനങ്ങളിലും കഴിയുന്ന കേരള സംസ്ഥാനത്തിലെ പൗരന്മാർക്ക് ഈ കാലയളവിനുള്ളിൽ നേരിട്ട് വന്ന് പുതുക്കുവാനുള്ള പ്രായോഗിക ബുദ്ധിമുട്ട് പരിഗണിച്ച് ഇത്തരം ഡ്രൈവിംഗ് ലൈസൻസുകൾ പുതുക്കുവാനുള്ള അപേക്ഷയോടൊപ്പം അവർ കഴിയുന്ന വിദേശ രാജ്യത്തിൽ / സംസ്ഥാനത്തിൽ നിന്നും നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്/കാഴ്ച്ച പരിശോധനാ സർട്ടിഫിക്കറ്റ് അപേക്ഷകൻ അധികാരപ്പെടുത്തിയ ആൾക്ക്

ഹാജരാക്കാവുന്നതാണ്. ടി മെഡിക്കൽ/കാഴ്ച്ച പരിശോധന സർട്ടിഫിക്കറ്റ് നിഷ്കർഷിച്ചിരിക്കുന്ന ഫോറത്തിൽ തന്നെ സമർപ്പിക്കേണ്ടതാണ്.

ഈ നിർദ്ദേശങ്ങൾ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി അതാത് ഓഫീസ് മേലധികാരികൾ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

താങ്കളുടെ അറിവിലേയ്ക്കായി സൂചനയിൽ പ്രതിപാദിച്ചിരിക്കുന്ന സർക്കാർ കത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

ട്രാൻസ്പോർട്ട് കമ്മീഷണർ

എ.കെ